അത് പറയുന്നതല്ല. മാത്രമല്ല 220 കെ. വി. ലൈനിന്റെ സബ് സ്റ്റേഷന്റെ ആവശ്യം ആ പ്രദേശത്തില്ല. ആ നിലയിൽ അത് ബുദ്ധിമുട്ടുള്ള കാര്യമാണ്. ഈ കാര്യത്തിന് വേണ്ട നടപടികളും വിദ്യുച്ഛക്തി ബോർഡ് സ്വീകരിച്ചിരിക്കുന്നു. അത് പൂർത്തിയാക്കുന്നതിന് വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

(23) ചെറുതാഴ പഞ്ചായത്തിലെ കൊലപാതകം

ശ്രീ. എം. വി. രാഘവൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ ചെറുതാഴ പഞ്ചായത്തിൽ ഏഴിലോട്ട് എന്ന സ്ഥലത്ത് കഴിഞ്ഞ 9-ാം തീയതി ഒരു കൊലപാതകം നടന്നു. ആ കൊലപാതകം പരിഷ്കൃത മനുഷ്യരെ ഞെട്ടിപ്പിക്കുന്നതാണ്. ചെമ്മരൻ എന്നു പറയുന്ന ഒരാൾ അയാളുടെ മരുമകനെ മറ്റു കൂട്ടുകാരോടുകൂടി ചേർന്ന് തെങ്ങിൽ പിടിച്ചു കെട്ടി അടിച്ച് കൊന്നു. എന്നിട്ട് കൊണ്ടുപോയി സംസ്കരിച്ച്, ചുട്ടു സേമമാക്കി. ഇതിന്റെ ഫലമായി തെളിവുവരെ നശിപ്പിക്കപ്പെട്ടിരിക്കുകയാണ്. ഇതിനെസംബന്ധിച്ച് പോലീസ് കാര്യമായ അന്വേഷണം നടത്തിയതായി അറിയുന്നില്ല. ഇതിനെതിരെ ശക്തമായ നടപടികളെടുക്കണം. പരിഷ്കൃത മനുഷ്യരെ ലജ്ജിപ്പിക്കുന്നതാണ് ഈ കൊലപാതകം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇതിനോടനുബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആകെ പതിനേഴ് പ്രതികളാണുള്ളത്. അതിൽ ചെമ്മരൻ, ബാലകൃഷ്ണൻ, രമേശൻ, അമ്പു തുടങ്ങിയ പ്രതികളെ 10-ാം തീയതി തന്നെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവരെ കോടതിയിൽ ഹാജരാക്കുകയും ചെയ്തു. ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്യാൻ വേണ്ട ഏർപ്പാടുകളും ചെയ്യുന്നുണ്ട്. അന്വേഷണം പൂർത്തിയാക്കി സത്വരമായ നടപടികളും സ്വീകരിക്കുന്നതാണ്.

(24) അരൂർ നിയോജകമണ്ഡലത്തിലെ വോട്ടേഴ്സ് ലിസ്റ്റിലുണ്ടായ ക്രമക്കേടുകൾ

ശ്രീമതി കെ. ആർ. ഗൗരി: സർ, അരൂർ നിയോജകമണ്ഡലത്തിൽ വോട്ടേഴ്സ് ലിസ്റ്റിനുള്ള എന്യൂമറേഷൻ നടത്തിയതിൽ ഉള്ള ക്രമക്കേടുകൾ നേരത്തെതന്നെ ഇവിടത്തെ ചീഫ് ഇലക്ടറൽ ആഫീസറെയും മറ്റും അറിയിച്ചിരുന്നു. ഇലക്ഷൻ കമ്മീഷനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇലക്ഷൻ കമ്മീഷനിൽ നിന്നും അത് റീ-വെരിഫിക്കേഷൻ നടത്തണമെന്ന് അവരുടെ ഒരു നിർദ്ദേശവുമുണ്ടായി. ഇപ്പോൾ ഈ ഇലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചതുകൊണ്ട് ചില വിവരങ്ങൾ പറയുകയാണ്. ഈ കേരള ഇലക്ഷൻ മാനുവലിന്റെ 15-ാമത്തെ പേജിൽ പറഞ്ഞിരിക്കുന്നത് "work of enumeration should normally be entrusted to Government and quasi-Government Servants of the area where intensive revision is undertaken" എന്നാണ്. ഈ നിയോജകമണ്ഡലത്തിൽ 293 എന്യൂമറേറർമാർ ഉണ്ടായിരുന്നതിൽ 204-ഓളം പേർ പ്രൈവറ്റ് അദ്ധ്യാപകരാണ്. അവിടെ ഗവൺമെന്റ് സ്കൂളുകൾ ഇല്ലാഞ്ഞിട്ടല്ല,

LIBRARY ARCHIVES Kerala Legislative Assembly

അവിടെ അനേകം ഗവൺമെൻറ് സ്കൂളുകളുണ്ട്. ആ ഗവൺമെൻറ് സ്കൂളിലെ ടീച്ചേഴ്സിനെ എല്ലാം ഒഴിവാക്കിക്കൊണ്ടാണ് ഈ പ്രൈവറ്റ് സ്കൂളുകളിലെ ടീച്ചേഴ്സിനെ എന്യൂമറേറർമാരായി തിരഞ്ഞെടുക്കപ്പെടുന്നത്. അതിനൊരു ഉദാഹരണം പറയാം. ഇതേ എന്യൂമറേഷന് നിയോഗിക്കപ്പെട്ട ചിലയാളുകളും അതുപോലെ തന്നെ രാഷ്ട്രീയപ്പാർട്ടികളും ഇതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻമാരും ചേർന്ന് കരുതിക്കൂട്ടി നടത്തിയതായിട്ടുള്ള ഒരിടപാടിൻെറ ഭാഗമാണിത്. സംഗീത സ്കൂളിലെ ടീച്ചർമാർ ഒരു മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. അത് പ്രൈവറ്റ് സ്കൂളാണ്. അവർ മെമ്മോറാണ്ടത്തിൽ പറയുന്നത്, ഞങ്ങളെ എന്യൂമറേഷന് എടുക്കാറേയില്ല അതുകൊണ്ട് ഞങ്ങളെ എന്യൂമറേഷന് എടുക്കണമെന്നാണ്. 34 പേർ, അപ്പർ പ്രൈമറി വരെയുള്ള ആ സ്കൂളിലെ ടീച്ചേഴ്സിൽ 28 പേരെയും ഉടനെ എടുത്തു. ഗവൺമെൻറ് സ്കൂളിൽ ടീച്ചേഴ്സ് ഇല്ലാഞ്ഞിട്ടല്ല. ഇവർ ഗവൺമെൻറ് സർവെൻറ്സ് അല്ല, കാസി ഗവൺമെൻറ് സർവൻറ്സും അല്ല. ആ വിധത്തിലുള്ള നടപടികളാണുണ്ടായത്. അതുകൊണ്ട് വന്നതെന്താണെന്നു വച്ചാൽ പ്രായമില്ലാത്തയാളുകളെ ചേർക്കുക, എന്നുള്ളതു മാത്രമല്ല, ഇല്ലാത്ത അനേകം ആളുകളെയും ഈ നിയോജകമണ്ഡലത്തിലുൾപ്പെടുത്തി. ഉദാഹരണത്തിന്, നെൽസൺ എന്നു പറയുന്ന ഒരു എന്യൂമറേറർ അദ്ദേഹത്തിൻെറ 18 വയസ്സുള്ള മകനെ കരുതിക്കൂട്ടി 21 വയസ്സുള്ള ആളായി അദ്ദേഹം ലിസ്റ്റിൽ ചേർത്തു. അതുപോലെതന്നെ ആ വാർഡിൽ തന്നെ അദ്ദേഹം താമസിക്കുന്നതിൻെറ 4-ാമത്തെ വീട്ടിൽ, ഇല്ലാത്ത നാല് ആളുകളെ ചേർത്തിരുന്നു. അതിൻെറ വടക്കേപ്പുറത്തും കിഴക്കേപ്പുറത്തുമുള്ള ഇല്ലാത്തവരായിട്ടുള്ള അനേകം ആളുകളെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തി. പ്രായമുള്ള ആളുകളാണ്. പ്രായമില്ലാത്ത ആളുകളെ ചേർത്താൽ സർട്ടിഫിക്കറ് ഹാജരാക്കാം. പ്രായമുള്ള ആളുകളേയും ഇല്ലാത്ത ആളുകളേയും ചേർത്തുകഴിഞ്ഞാൽ.....? ലിസ്റ് പ്രസിദ്ധീകരിച്ച് കഴിഞ്ഞാൽ അത് പ്രൈമറി എവിഡൻസ് ആണ്. അതുകൊണ്ട് ആ പ്രസിദ്ധീകരിച്ച ലിസ്റ്റിൽനിന്നും അവരെ മാറാൻ നിവൃത്തിയില്ലാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ട്. അതുപോലെ തന്നെ എന്യൂമറേഷനുവേണ്ടി നിയമിച്ച ആളുകളെ പ്രോക്സിയായി എന്യൂമറേഷൻ നടത്തിയിട്ടുണ്ട്. പട്ടണക്കാട് പഞ്ചായത്തിൽ 2-ാം വാർഡിൽ തിരഞ്ഞെടുക്കപ്പെട്ട എന്യൂമറേറർ മേരി ടീച്ചറാണ്. എന്നാൽ അവിടെ എന്യൂമറേഷൻ നടത്തിയത് മേരിയുടെ ഭർത്താവായ ജോസഫ് ആണ്. അതിനേറ്റായിട്ടുള്ള ഒരു 'പാഡ്', ഞാൻ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്, ഇവിടെ ഹാജരാക്കാൻ. എന്യൂമറേഷൻ ഭർത്താവിനെ കൊണ്ട് പ്രോക്സിയായിട്ട് നടത്തിച്ചു. അതുപോലെതന്നെ വയലാർ പഞ്ചായത്തിൽ 94-ാം വാർഡിൽ എലിസബത്തിനെയാണ് എന്യൂമറേഷനുവേണ്ടി നിയമിച്ചത്. എന്നാൽ എലിസബത്തിൻെറ പ്രായം കുറഞ്ഞ 10-ാം ക്ലാസ്സിൽ പഠിക്കുന്ന മകനാണ് എന്യൂമറേഷൻ നടത്തിയത്. വെട്ടുകയും തിരുത്തുകയും ഒക്കെ ചെയ്തു. അമ്മയുടെ ഒപ്പുമിട്ടു. ഇതിൽ മേരി ഒപ്പിട്ടതാണ്. മേരിയുടെ ഭർത്താവും ഒപ്പിട്ട കടലാസ്സാണ് വാങ്ങിച്ചുകൊണ്ടുപോയത്. രണ്ടുപേരുടേയും കൈയക്ഷരം വേറെയാണ്. പക്ഷേ ഞങ്ങൾ ഇതെല്ലാം കാണിച്ചുകൊണ്ട് എഴുതി. റീവെരിഫിക്കേഷൻ വന്നു കഴിഞ്ഞപ്പോൾ ആ റീവെരിഫിക്കേഷന് വന്ന ഓഫീസർമാർക്ക് പെറ്റീഷൻ കൊടുത്തു, കാണിച്ചുകൊടുത്തു, പ്രിലിമിനറിയായിട്ട് ഇപ്പോൾ ഇലക്ഷൻ കമ്മീഷൻ ലിസ്റ് അയയ്ക്കുന്നു എന്നാണ് പറഞ്ഞത്. പക്ഷേ ഇന്നലെ മുഖ്യമന്ത്രി പറഞ്ഞപ്പോൾ അവിടത്തെ ലിസ്റും പ്രസിദ്ധീകൃതമായി എന്നാണ് പറഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

ഇത് മാറാൻ പാടില്ലാത്ത ആളുകളും, പ്രായമുള്ള ആളുകളും, ഇല്ലാത്ത ആളുകളും, അനേകം എന്താണ്ട് ഞാൻ മനസ്സിലാക്കിയിടത്തോളം 10,000—ത്തോളം വരും. 1982—ലോ 1983—ലോ പാർലമെന്റ് തിരഞ്ഞെടുപ്പു കാലത്ത് ഇന്റൻസീവ് എന്യൂമറേഷൻ നടത്തിയ നിയോജകമണ്ഡലമാണ്. ആ നിയോജകമണ്ഡലത്തിൽ ഇപ്പോഴും എന്താണ്ട് പതിനായിരത്തോളം ആളുകളെ കൂടുതലായി ചേർത്തിരിക്കുകയാണ്. ഇതിന് പ്രതിവിധി ഉണ്ടാക്കാൻ, എന്യൂമറേഷനിൽ ഉണ്ടായ പാകപ്പിഴ എന്താണെന്നുവച്ചാൽ ടെമ്പററി ആയിട്ട് ഒരു ലിസ്റ്റ് ഇലക്ഷൻ കമ്മീഷന് കൊടുത്തുകഴിഞ്ഞതിനു ശേഷം ഇത് അനധികൃതമാണ്. ഇതിൽ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സെപ്തംബർ ഒന്നാം തീയതി ആരംഭിച്ച് 30—ാം തീയതി അവസാനിച്ച ഒരു വോട്ടർ പട്ടിക തയ്യാറാക്കുന്ന എന്യൂമറേഷൻ വർക്ക് കഴിഞ്ഞതിനുശേഷം, ബഹുമാനപ്പെട്ട ഗൗരിയമ്മ പരാതിപ്പെട്ടതിനെത്തുടർന്ന്, ജില്ലാ ഇലക്ഷൻ ഓഫീസറെ കൊണ്ട് അന്വേഷണം നടത്തി. ആ അന്വേഷണത്തിൽ മുൻകാലങ്ങളിൽ നടത്തിവന്ന അതേ സിസ്റ്റമാണ് 'follow' ചെയ്തിട്ടുള്ളതെന്ന് കാണുന്നു. നമ്മുടെ പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകരെന്നു പറയുന്നത് സർക്കാർ ശമ്പളം കൊടുക്കുന്ന അദ്ധ്യാപകരാണ്. ഇതിനു മുൻപ് എല്ലാ ഇലക്ഷനും പ്രൈവറ്റ് സ്കൂളുകളിലെ അദ്ധ്യാപകരെ എന്യൂമറേഷന് ഉപയോഗിച്ചിട്ടുണ്ട്. ഇവരുടെ തോത് നോക്കിയാൽ വളരെ കുറച്ചു മാത്രമേയുള്ളൂ. അവരുടെ എന്യൂമറേഷൻ വർക്ക് കഴിഞ്ഞിട്ടുണ്ട്. ഇവിടെ പറഞ്ഞതു മാതിരി അത്ര വളരെ അധികമൊന്നുമല്ല. 6.34 ശതമാനം മാത്രമാണ് ഈ നിയോജകമണ്ഡലത്തിൽ വോട്ടർമാരുടെ സംഖ്യയിൽ വർദ്ധനവുണ്ടായിട്ടുള്ളത്. ഇതനുസരിച്ച് ബഹുമാനപ്പെട്ട ഗൗരിയമ്മ വളരെ പരിചയസമ്പന്നയായതുകൊണ്ട് അവർക്ക് അറിയാം. ഡിസംബർ മാസം 17—ാം തീയതി വരെ ഒരുമാസത്തിനകം ഇതിനകത്തുള്ള പരാതി കൊടുക്കാനും കൃത്രിമമായി പേര് ചേർത്തിട്ടുണ്ടെങ്കിൽ അത് വെട്ടിക്കളയാനുമൊക്കെ പ്രൊവിഷനുണ്ട്. അതിനുള്ള സത്വരമായ നടപടി നടത്താതെ ഈ അസംബ്ലിയിൽ ഇതിനായിട്ട് പ്രത്യേകിച്ച് ഒരു നടപടിയും സ്വീകരിക്കാനില്ല. ഇലക്ഷൻ കമ്മീഷൻ നിർദ്ദേശിച്ചതനുസരിച്ച് നിയമവിധേയമായി ഇലക്ഷൻ പട്ടിക തയ്യാറാക്കുന്നുണ്ട്. അതിനുള്ള നടപടികളും നടക്കുന്നുണ്ട്. പരാതിയുണ്ടെങ്കിൽ ഓഫീസറുടെ മുൻപിൽ കൊടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(25) പൂജപ്പുര സെൻട്രൽ ജയിലിലെ തടവുകാരുടെ ദുഃസ്ഥിതി

ശ്രീ. ഇ. കെ. നായനാർ: സ്പീക്കർ സർ, ഇക്കാര്യം ഇതിനിടെ അസംബ്ലിയിൽ തന്നെ വന്ന പ്രശ്നമാണ്. അതിന് പരിഹാരമില്ലാത്തതുകൊണ്ടാണ് വീണ്ടും ഉന്നയിക്കുന്നത്. അതായത്, പൂജപ്പുര സെൻട്രൽ ജയിലിൽ നടക്കുന്ന മർദ്ദനത്തെ സംബന്ധിച്ചും കയ്യേറ്റത്തെ സംബന്ധിച്ചും അതിക്രമത്തെ സംബന്ധിച്ചുമാണ്. തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാർ നിരന്തരമായി മർദ്ദനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. പ്രാകൃതമായ മർദ്ദനം സഹിക്കാൻ വയ്യാതെ തടവുകാർ നിരാഹാരസത്യാഗ്രഹം നടത്തി. പലർക്കും പരാതികളയച്ചു. പരാതി കിട്ടിയതിനെത്തുടർന്ന് സഖാവ് ഗൗരിയമ്മയും ടി. കെ. അബ്ദുവും ജയിൽ സന്ദർശിച്ചു, അന്വേഷണം നടത്തി. വളരെ ക്രൂര

LIBRARY ARCHIVES Kerala Legislative Assembly